പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1869 — 07.03.2018 -ൽ മറുപടിക്ക്

## ഹോട്ടലുകളിൽ ഭക്ഷണത്തിന് അമിത വില ഈടാക്കുന്നുവെന്ന പരാതി

| ചോദ്യം<br>**ശ്രീ. ബി. സത്യൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഹോട്ടലുകളിൽ ഭക്ഷണത്തിന് ന്യായവില ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;<br>(ബി) പല ഹോട്ടലുകളിലും ഭക്ഷണത്തിന് അമിത വില ഈടാക്കുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;<br>(സി) വിലനിയന്ത്രണം പാലിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത നടപടികൾ ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (എ), (ബി) & സി) ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേയിനം ഭക്ഷണസാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ നിയമം അനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ ഏകീകരിക്കുന്നതിനോ ഉള്ള അധികാരം വകുപ്പിനില്ല. ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും വിലവിവര പ്പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് വകുപ്പിനുള്ളത്. എല്ലാ തലത്തിലും മോണിറ്ററിംഗ് ശക്തിപ്പെടുത്തി വകുപ്പിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വിലക്കയറ്റം തടയാനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**